**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4398** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | എസ്.എഫ്.സി ആക്ട് 1951 പ്രകാരം 1953-ൽ രൂപീകൃതമായ ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| | FY 2021-22 | FY 2022-23 | FY 2023-24 |
|---|---|---|---|
| Portfolio | 4750.71 | 6529.40 | 7368.34 |
| Sanction | 2876.78 | 3207.22 | 3336.66 |
| Disbursement | 2175.20 | 3555.94 | 4068.85 |
| Net Profit | 13.19 | 50.18 | 74.04 |
| Net NPA % | 1.28 | 0.74 | 0.68 |

സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

1.കെ.എഫ്.സി മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭകവികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പ പരിധി ഒരു കോടി രൂപയിൽ നിന്നും രണ്ട് കോടി രൂപയായി

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756 യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>2.കാർഷികാധിഷ്ഠിതവ്യവസായങ്ങളെയും അഗ്രിസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS) ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>3.സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം അനിൽ അംബാനിയുടെ കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കെ.എഫ്.സി അനിൽ അംബാനിയുടെ കമ്പനിയിൽ നേരിട്ട് നിക്ഷേപം നടത്തിയിട്ടില്ല. എന്നാൽ ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി Reliance Capital & Finance trust limited എന്ന കമ്പനിയുടെ subsidiary കമ്പനിയും സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC(Non- Banking Financial Company) ആയ Reliance Commercial Finance Ltd (RCFL) ന്റെ കടപത്രത്തിൽ 60.80 കോടി രൂപ 9.10% വാർഷിക കൂപ്പണിൽ അവരുടെ Secured Redeemable NCD യിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | 2018 സെപ്റ്റംബറിൽ NBFC കളിൽ മൊത്തത്തിൽ രാജ്യ വ്യാപകമായി പ്രതിസന്ധികൾ ഉണ്ടാവുകയും, ഇവയെ തുടർന്ന് RCFL ൽ ലിക്വിഡിറ്റി പ്രശ്നങ്ങൾ ഉണ്ടാവുകയും, ഇത് അവരുടെ സാമ്പത്തിക പ്രകടനത്തെ ബാധിക്കുകയും Rating Agency കൾ RCFL ന്റെ റേറ്റിംഗ് തരംതാഴ്ത്തുകയും ചെയ്തു. ഈ അവസരത്തിൽ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള RCFL ന്റെ ബാധ്യത 9017 കോടി രൂപയായിരുന്നു. തുടർന്ന് RCFL ന് വായ്പ നൽകിയ NABARD, SIDBI, SBI, കാനറ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ പൊതുമേഖലാ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നടത്തിയ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, RBI, ബാങ്ക് ഓഫ് ബറോഡയെ (ബിഒബി) ലീഡ് ബാങ്കായി പ്രഖ്യാപിച്ച് ആർ.ബി.ഐ യുടെ കീഴിലുള്ള റെസല്യൂഷൻ പ്രക്രിയ ആരംഭിക്കുകയും പിന്നീടത് അംഗീകരിക്കുകയും ചെയ്തു (Prudential Framework for Resolution of Stressed Assets Directions 2019). ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളും അംഗീകരിച്ച കോർപ്പറേഷന്റെ താല്പര്യങ്ങൾക്ക് അനുകൂലമല്ലാത്തതിനാൽ ഈ RP ക്കെതിരെ കോർപ്പറേഷൻ ബോംബെ ഹൈക്കോടതിയിൽ ഒരു റിട്ട് |

| | | | |
|---|---|---|---|
| | | | ഹർജി ഫയൽ ചെയ്തു. ഇതിനിടെ, സെബി പുറപ്പെടുവിച്ച ഒരു സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡിബഞ്ചർ ട്രസ്റ്റികൾക്കും ഹോൾഡർമാർക്കും വോട്ടിംഗ് അവകാശം നൽകുന്ന രീതിയെ ചോദ്യം ചെയ്ത് RCFL-ന്റെ കടപ്പത്ര ട്രസ്റ്റിയും ഏതാനും ഡിബഞ്ചർ ഹോൾഡർമാരും ബോംബൈ ഹൈക്കോടതിയെ സമീപിച്ചു. സർക്കുലറിന് മുൻകാല പ്രാബല്യമില്ലെന്നും നടപടിയെടുക്കാനാകില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഇതിനെതിരെ സെബി നൽകിയ അപ്പീലിൽ സെബിയുടെ സർക്കുലറിന് ഭരണഘടനയുടെ ആർട്ടിക്കിൾ 142 ലെ വ്യവസ്ഥകൾ ബാധകമാക്കുന്ന മുൻകാല പ്രാബല്യം ഉണ്ടായിരിക്കുമെന്നും BOB മുഖേന ആർബിഐ ഏറ്റെടുക്കുന്ന റെസല്യൂഷൻ പ്രക്രിയയ്ക്ക് സാധുതയുണ്ടെന്നും ബഹു. സുപ്രീംകോടതി 30.08.2022 ൽ ഉത്തരവിട്ടു. സുപ്രീംകോടതിയുടെ വിധിയുടെ വെളിച്ചത്തിൽ നിലവിൽ ബഹുമാനപ്പെട്ട മുംബൈ ഹൈക്കോടതിയിൽ കോർപ്പറേഷൻ ഫയൽ ചെയ്ത റിട്ടിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി എടുക്കുന്നതായിരിക്കും. അതിനുശേഷം മാത്രമേ തുക നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ